പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2971 29-10-2026-ൽ മറുപടിയ്ക്ക്

അധ്യാപികക്കെതിരെ വിജിലൻസ് പരിശോധന

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. സി. ആർ. മഹേഷ്	ശ്രീ. എൻ. ഷംസുദ്ദീൻ (പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) 24/11/2025-ന് ബഹു. വിദ്യാഭ്യാസ മന്ത്രിക്ക് പി.എസ്.എൻ.എം.ജി.എച്ച്.എസ്.എസ്. പേരൂർക്കടയിലെ (01035) വിദ്യാർത്ഥികൾ നേരിട്ട് നൽകിയ പരാതിയിൽ 24/11/2025-ന് തന്നെ ഡി.ജി.ഇ.ഓഫീസിലെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

മറുപടി: പൊതുവിദ്യാഭ്യാസ ഹയർ സെക്കൻഡറി വിഭാഗം സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിലെ ശിപാർശകളിൽ നടപടി സ്വീകരിക്കുന്നതിന് തിരുവനന്തപുരം ആർ.ഡി.ഡി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്കൂൾ പ്രിൻസിപ്പൽ ആശാറാണി ആർ.എസ്. എന്ന അധ്യാപികക്കെതിരെ വിദ്യാർത്ഥികളും പി.ടി.എ.യും നൽകിയ നിരവധി പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ആയതിന്റെ ഫയൽ നമ്പർ ഉൾപ്പെടെ വ്യക്തമാക്കുമോ;

മറുപടി: തിരുവനന്തപുരം, പേരൂർക്കട പി. എസ്.എൻ.എം. എച്.എസ്. എസ്. പ്രിൻസിപ്പലിന് എതിരെയുള്ള പരാതികളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഹയർസെക്കൻഡറി വിഭാഗം സീനിയർ അഡ്മി നിസ്ട്രേറ്റീവ് ഓഫീസർ, ഹയർസെക്കൻഡറി വിഭാഗം റീജണൽ ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ ഉൾപ്പെടുന്ന സംഘത്തെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. എന്നാൽ അന്വേഷണ നടപടികൾക്ക് മുൻപായി ടി അന്വേഷണ സംഘത്തിലെ ഉദ്യോഗസ്ഥർ സ്ഥലംമാറി പോയതിനാൽ പുതിയ അന്വേഷണ ഉദ്യോഗസ്ഥനെ നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ വിഷയം സി2/318/2025/പൊ.വി.വ നമ്പർ ഫയലിൽ പരിശോധിച്ച് വരുന്നു.

(സി) നിലവിലെ പ്രിൻസിപ്പലായ പ്രസ്തുത അധ്യാപിക പി.എസ്.എൻ.എം.ജി.എച്ച്.എസ്.സ്കൂളിൽ (0135) പ്രിൻസിപ്പലായി എത്ര കാലമായി സേവനം അനുഷ്ഠിക്കുന്നുവെന്നും ടിയാൾ ഈ സ്കൂളിൽ ഹയർ സെക്കൻഡറി അധ്യാപികയായി ജോലി ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ പ്രസ്തുത കാലയളവ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

മറുപടി: ശ്രീമതി ആശാറാണി തിരുവനന്തപുരം, പേരൂർക്കട പി.എസ്.എൻ.എം. എച്.എസ്. എസ്. -ൽ പ്രിൻസിപ്പൽ ആയും, എച്.എസ്.എസ്.റ്റി. ആയും സേവനമനുഷ്ഠിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവ്

സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എച്.എസ്.എസ്.റ്റി

19/01/2005 മുതൽ 26/10/2017 വരെ

പ്രിൻസിപ്പൽ

26/12/2024 - മുതൽ തുടർന്ന് വരുന്നു

(ഡി) പ്രസ്തുത അധ്യാപിക മുൻപ് പ്രിൻസിപ്പലായി ജോലി ചെയ്തിരുന്ന കോഴിക്കോട് ജില്ലയിലെ ഗവൺമെന്റ് അച്യുതൻ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ നിന്നും തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ജി.കെ.എസ്.ഗവൺമെന്റ് വൊക്കേഷണൽ ആൻഡ് ഹയർസെക്കൻഡറി സ്കൂളിൽ നിന്നും ടിയാളിന് അച്ചടക്ക നടപടിയുടെ ഭാഗമായി സ്ഥലംമാറ്റം നൽകിയിട്ടുണ്ടോയെന്നും എങ്കിൽ കാരണം എന്താണെന്നും വ്യക്തമാക്കുമോ; ടിയാൾ അച്ചടക്ക നടപടിക്കുശേഷം തിരികെ ജോലിയിൽ പ്രവേശിച്ചപ്പോൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

<u>മറുപടി:</u> കോഴിക്കോട്, ഗവ. അച്യുതൻ ഗേൾസ് എച്.എസ്.എസ് അദ്ധ്യാപകർ, പി.ടി.എ, മറ്റ് ജീവനക്കാർ എന്നിവരോടുള്ള ശ്രീമതി ആശാറാണിയുടെ സമീപനം സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിന് അനുയോജ്യമല്ലാത്തതിനാൽ കോഴിക്കോട് മേഖലാ ഉപഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി സ്കൂളിൽ നിന്നും സ്ഥലംമാറ്റി നിയമിച്ചിട്ടുണ്ട്. പൊതു താല്പര്യം മുൻ നിർത്തിയും ഭരണ സൗകര്യാർഥവും ആണ് വെള്ളനാട് ഗവണ്മെൻറ് ജി.കെ. എസ് വൊക്കേഷണൽ & ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും ടിയാൾക്ക് സർക്കാർ സ്ഥലം മാറ്റം നൽകിയത്.

അച്ചടക്ക നടപടിക്കുശേഷം തിരികെ ജോലിയിൽ പ്രവേശിച്ചപ്പോൾ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല.

(ഇ) പി.എസ്.എൻ.എം.ജി.എച്ച്.എസ്.എസ്. പേരൂർക്കട(01035)യ്ക്ക് 2021 വർഷത്തിൽ പട്ടികജാതി വകുപ്പിൽ നിന്നും എസ്.ടി. വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി നൽകിയ ലാപ്ടോപുകൾ 2025-26ൽ അഡ്മിഷൻ ലഭിച്ച എസ്.ടി. വിദ്യാർത്ഥിനി നിരന്തരം ആവശ്യപ്പെട്ടിട്ടും പ്രിൻസിപ്പൽ പഠനാവശ്യത്തിനായി നൽകുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ലാപ്ടോപ് അനുവദിച്ച് നൽകാത്ത പ്രിൻസിപ്പലിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>മറുപടി:</u> ഇത്തരത്തിലുള്ളൊരു പരാതി ലഭ്യമായിട്ടില്ല.

സെക്ഷൻ ഓഫീസർ